ശ്രീ. കെ. എം. മാണി: തെറ്റായ ചില വാർത്തകളും പത്രത്തിൽ വരുന്നുണ്ട്. അന്തർജ്ജനത്തിന്റെയും സഹോദരന്റെയും പരാതിയുടെ അടിസ്ഥാനത്തിൽ എതിർകക്ഷിയെ വിളിച്ച് താക്കീതു ചെയ്തു വിട്ടിട്ടുള്ളതാണ്. കഴിഞ്ഞ ഡിസംബറിനു ശേഷം യാതൊരു പരാതിയും സ്റ്റേഷനിൽ വന്നിട്ടില്ല.

ശ്രീ. സി.എ. കുര്യൻ: പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്താൽ രസീതുകൊടുക്കണമെന്ന സമ്പ്രദായം ഇപ്പോൾ നിലവിലില്ല, ഇടയ്ക്കു നിറുത്തി. ബഹുമാനപ്പെട്ട മന്ത്രി, ഇത്തരം പരാതി സമർപ്പിക്കുന്നവർക്ക് രസീതുകൊടുക്കാൻ ഒരു സർക്കുലർമൂലം ആവശ്യപ്പെടുമോ?

ശ്രീ. കെ.എം. മാണി: അത് നല്ല ഒരു അഭിപ്രായമാണ്. വരുന്ന എല്ലാ പരാതികൾക്കും കർശനമായും രസീതുകൊടുക്കണമെന്ന് കർക്കശമായി നിർദ്ദേശം കൊടുക്കാൻ തയ്യാറാണ്.

കള്ള നാണയങ്ങൾ

* 831 [901] ശ്രീ. എൻ.പി. മൊയ്തീൻ:

,, സിറിയക് ജോൺ:

,, കെ.പി. നൂറുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റു രാജ്യങ്ങളിലെ നാണയങ്ങളുടെ ആകൃതിമാറ്റി ഇവിടെ ഉപയോഗിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം നാണയങ്ങൾ ഉപയോഗിക്കുന്നതിനെതിരായി വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. പി. മൊയ്തീൻ: കള്ളനാണയങ്ങൾ ഉണ്ടാക്കുന്ന ഏതെങ്കിലും ക്ഷേത്രം ഇതിനകം പോലീസ് നമ്മുടെ സംസ്ഥാനത്തു പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ ക്ഷേത്രങ്ങളിൽനിന്നും കള്ളനാണയങ്ങൾ പിടിച്ചെടുത്തിട്ടുണ്ടോ?

ശ്രീ. കെ.എം. മാണി: ഏതെങ്കിലും സെർച്ച് നടന്നിട്ടുണ്ടോയെന്നുള്ളത് പ്രത്യേകമായി ചോദിച്ചാലേ മറുപടി പറയാൻ പറ്റുകയുള്ളു.

ശ്രീ. കെ.പി. നൂറുദ്ദീൻ: മറ്റു രാജ്യങ്ങളിൽനിന്നു നാണയം കൊണ്ടുവന്ന് ഇവിടെവച്ചു മാറ്റി ആഭ്യന്തരവിനിയോഗം നടത്തുന്നതായി പത്രത്തിലെല്ലാം പരാതി കണ്ടു. അങ്ങനെ എന്തെങ്കിലും വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അതെക്കുറിച്ചന്വേഷിക്കുമോ?

ശ്രീ. കെ.എം. മാണി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ബി.ആർ. പിള്ള: കള്ളനാണയംപോലെ കള്ളനോട്ടും ഉണ്ട്. അതുപോലെതന്നെ നോട്ടടവയ്പ് തുടങ്ങി പാവപ്പെട്ട ആളുകളെ പറഞ്ഞിക്കുന്ന സമ്പ്രദായമില്ലാതാക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.എം. മാണി: ഇങ്ങനെയുള്ള ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണം നടത്തുന്നുണ്ട്, നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: കള്ളനാണയം, കള്ളനോട്ട് മുതലായകാര്യങ്ങൾ കണ്ടുപിടിക്കുന്നതിനുവേണ്ടി ക്രൈംബ്രാഞ്ചിൽ ഒരു പ്രത്യേകവിഭാഗം നിലവിലുണ്ടായിരുന്നു. അതിപ്പോഴും നിലവിലുണ്ടോ? ഇല്ലെങ്കിൽ വീണ്ടും രൂപീകരിക്കാനുള്ള സൻമനസ്സു കാണിക്കുമോ?

ശ്രീ. കെ.എം. മാണി: തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ ഓരോ എസ്.പി. മാരുടെ നേതൃത്വത്തിലും ഒരു സ്പെഷ്യൽ ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിലും കൗണ്ടർ ഫീറ്റ് സ്കാഡ് പ്രവർത്തിക്കുന്നുണ്ട്. ഈ മൂന്നു കേന്ദ്രങ്ങളിലുമുള്ള എസ്.പി. മാരുടെ നിയന്ത്രണം സ്പെഷ്യൽ ഐ.ജി. ക്രൈം സിനാണ്.

ശ്രീ. പി.സി. ജോസഫ്: നല്ലനോട്ടുകൾക്കു പകരം കൂടുതൽ നോട്ടുകൾകൊടുക്കുന്ന, നോട്ടടവയ്പ് എന്നറിയപ്പെടുന്ന ഒരു പരിപാടി നമ്മുടെ സംസ്ഥാനത്തിന്റെ പല ഭാഗത്തും നടന്നതായി പത്രവാർത്ത ഉണ്ടായിട്ടുണ്ട്. അവ ഇഫക്ടീവായി നിറുത്തൽ ചെയ്യുന്നതിനോ പരിഹാരം കാണുന്നതിനോ ഉള്ള നിയമം ഇന്ന് നമ്മുടെ നാട്ടിലില്ല എന്നുള്ള വസ്തുത കണക്കിലെടുത്തു അതിനൊരു നിയമം കൊണ്ടുവരുന്ന കാര്യം ആലോചിക്കുമോ?

ശ്രീ.കെ.എം. മാണി: നിയമത്തിന്റെ കുറവല്ല, നിയമം ഉണ്ട്. ഇങ്ങനെയുള്ള അടവയ്പുകേസുകൾ പലസ്ഥലങ്ങളിലും ധാരാളം ഉണ്ടെന്നുള്ളതു ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഈ പരിപാടിക്കു പോകാതിരിക്കാൻ ജനങ്ങളുംകൂടി സൂക്ഷിക്കേണ്ടതുണ്ട്.

മി. സ്പീക്കർ: ഇന്നലെ മറുപടിപറയേണ്ട അടിയന്തിര ചോദ്യത്തിന് മുഖ്യമന്ത്രിക്കു മറുപടി പറയാം.

അടിയന്തിര ചോദ്യം

ബസ്തി സംഭവം

* 832 [2] ശ്രീ. റ്റി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തർപ്രദേശിലെ ബസ്തി എന്ന സ്ഥലത്ത് മലയാളികളായ 5 നേഴ്സുമാരെ മാനഭംഗപ്പെടുത്തിയത് സംബന്ധിച്ചുള്ള അറിവ് ലഭിച്ചതിനുശേഷം കേരള ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly